# വൈദ്യുതി ജീവനക്കാർ പണിമുടക്ക് നോട്ടീസ് നൽകി



തിരുവനന്തപുരം: കഴിഞ്ഞ എട്ടുവർഷത്തെ ഇടതുഭരണത്തിൽ അഴിമതിയും ധൂർത്തും നടത്തി നിയമന നിരോധനം നടത്തി ജീവനക്കാരുടെ ആനുകൂല്യങ്ങൾ തടഞ്ഞുവച്ച നയങ്ങൾക്കെതിരെ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) കെഎസ്ഇബി മാനേജ്മെന്റിന് പണിമുടക്ക് നോട്ടീസ് നൽകി. 22ന് സംസ്ഥാന വ്യാപകമായി പണിമുടക്കും. പട്ടം വൈദ്യുതി ഭവനിൽ പണിമുടക്ക് നോട്ടീസ് നൽകുന്നതിന് മുന്നോടൊയായി സംഘടനയുടെ പ്രസിഡന്റ് കെ.പി.ധനപാലൻ അധ്യക്ഷതയിൽ നടന്ന വിശദീകരണ യോഗം കെ.പി.സി.സി ജനറൽ സെക്രട്ടറി ജി.സുബോധൻ ഉദ്ഘാടനം ചെയ്തു. സിബിക്കുട്ടി ഫ്രാൻസിസ്, നസീർ.എം, ജംഹർ.കെ.എം, നിസാറുദ്ദീൻ.എ, യമുന.സി.എസ്, കുര്യാച്ചൻ സി.വി, മുഹമ്മദ് ഷമീം, പ്രസാദ്.വി, രഞ്ജിത് കെ.കെ, നിഷാദ്.ടി, രാജേഷ് ബി.നായർ, സുരേഷ് ബാബു ടി.വി.പി, ഖാജ.കെ, രാധാകൃഷ്ണപിള്ള, മുരളീകൃഷ്ണൻ.പി, ജിജിൻ ജോസഫ് എന്നിവർ സംസാരിച്ചു.

## പണിമുടക്ക് നോട്ടീസ് നൽകി

തിരുവനന്തപുരം ● കഴിഞ്ഞ 8 വർഷത്തെ ഇടതു ഭരണത്തിൽ അഴിമതിയും ധൂർത്തും നടത്തി നിയമന നിരോധനം നടത്തി ജീവനക്കാരുടെ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചെന്നാരോപിച്ച് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) കെഎസ്ഇബി മാനേജ്മെന്റിന് പണിമുടക്ക് നോട്ടീസ് നൽകി. 22 ന് സംസ്ഥാന വ്യാപകമായി പണിമുടക്കും. പട്ടം വൈദ്യുതി ഭവനിൽ പണിമുടക്ക് നോട്ടീസ് നൽകുന്നതിന് മുന്നോടിയായി നടന്ന വിശദീകരണ യോഗം കെപിസിസി ജനറൽ സെക്രട്ടറി ജി.സുബോധൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് കെ.പി.ധനപാലന്റെ അധ്യക്ഷത വഹിച്ചു. സംസ്ഥാന വർക്കിങ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ്, ജനറൽ സെക്രട്ടറി എം.നസീർ തുടങ്ങിയവർ പ്രസംഗിച്ചു.

**മാധ്യമം**

### കെ.എസ്.ഇ.ബി

## എംപ്ലോയീസ് കോൺഫെഡറേഷൻ പണിമുടക്ക് നോട്ടീസ് നൽകി

**തിരുവനന്തപുരം:** കെ.എസ്.ഇ.ബി മാനേജ്മെന്റിന്റെ നയങ്ങൾക്കെതിരെ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) പണിമുടക്ക് നോട്ടീസ് നൽകി. ജനുവരി 22ന് സംസ്ഥാന വ്യാപകമായി പണിമുടക്കാനാണ് തീരുമാനം.

കെ.എസ്.ഇ.ബിയിൽ ഒരുഭാഗത്ത് അഴിമതിയും ധൂർത്തും തുടരുകയും മറുഭാഗത്ത് നിയമന നിരോധനം, ജീവനക്കാരുടെ ആനുകൂല്യങ്ങൾ തടഞ്ഞുവെക്കൽ തുടങ്ങിയ സമീപനങ്ങൾ സ്വീകരിക്കുകയുമാണെന്ന് കോൺഫെഡറേഷൻ കുറ്റപ്പെടുത്തി. പണിമുടക്ക് നോട്ടീസ് നൽകുന്നതിന് മുന്നോടിയായി പ്രസിഡന്റ് കെ.പി. ധനപാലന്റെ അധ്യക്ഷതയിൽ ചേർന്ന വിശദീകരണ യോഗം കെ.പി.സി.സി ജനറൽ സെക്രട്ടറി അഡ്വ. ജി. സുബോധൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വർക്കിങ് പ്രസിഡൻറ് അഡ്വ. സിബിക്കുട്ടി ഫ്രാൻസിസ്, ജനറൽ സെക്രട്ടറി നസീർ എം, ഭാരവാഹികളായ ജംഹർ കെ.എം, നിസാറുദ്ദീൻ എ, യമുന സി.എസ്, കുര്യാച്ചൻ സി.വി, മുഹമ്മദ് ഷമീം, പ്രസാദ് വി, രഞ്ജിത് കെ.കെ, നിഷാദ് ടി, രാജേഷ് ബി. നായർ, സുരേഷ് ബാബു, ഖാജ കെ, രാധാകൃഷ്ണപിള്ള, മുരളീകൃഷ്ണൻ പി, ജിജിൻ ജോസഫ് എന്നിവർ സംസാരിച്ചു.

വീക്ഷണം

# കെ എസ് ഇ ബി ജീവനക്കാർ പണിമുടക്കും

പാലക്കാട്: വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാന സർക്കാർ ജീവനക്കാരും അധ്യാപകരും 22ന് നടത്തുന്ന പണിമുടക്കിൽ കെഎസ്ഇ ി ജീവനക്കാരും പങ്കാളിയാകും. ഡിഎ കുടിശ്ശിക അനുവദിക്കുക, വർക്കർ പ്രമോഷൻ ഉൾപ്പെടെ മുടങ്ങിക്കിടക്കുന്ന പ്രമോഷനുകൾ ഉടൻ നൽകുക, പങ്കാളിത്ത പെൻഷൻ പിൻവലിക്കുക, മണിയാർ പദ്ധതി കെഎസ്ഇബി ഏറ്റെടുക്കുക, കെഎസ്ഇബിയുടെ സ്വകാര്യവൽക്കരണ നീക്കം ഉപേക്ഷിക്കുക, അഴിമതിയും ധൂർത്തും അവസാനിപ്പിക്കുക, പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേക്ക് കെഎസ്ഇബി നൽകാനുള്ള തുക ഉടൻ നൽകുക, ഒഴിഞ്ഞു കിടക്കുന്ന തസ്തികൾ ഉടൻ നികത്തുക, താൽക്കാലിക നിയമനങ്ങളിലെ സ്വജന പക്ഷപാതിത്വം അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് പണിമുടക്ക്. പണിമുടക്ക് വിജയിപ്പിക്കുവാൻ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) പാലക്കാട് ജില്ലാ കമ്മിറ്റി യോഗം തീരുമാനിച്ചു.



കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) പാലക്കാട് ജില്ലാ കമ്മിറ്റി യോഗം ഡിസിസി പ്രസിഡന്റ് എ. തങ്കപ്പൻ ഉദ്ഘാടനം ചെയ്യുന്നു

ഡിസിസി പ്രസിഡന്റ് എ. തങ്കപ്പൻ ഉദ്ഘാടനം ചെയ്തു. ജില്ലാ വർക്കിംഗ് പ്രസിഡന്റ് കെ.ഷണ്മുഖൻ അധ്യക്ഷത വഹിച്ചു സംസ്ഥാന സെക്രട്ടറി ഷമീം നാട്യമംഗലം, സംസ്ഥാന ജോ.സെക്രട്ടറി കെ.കാജാ, ജില്ലാ സെക്രട്ടറി എം.ഗോപകുമാർ, ഭാരവാഹികളായ കെ.സദാശിവൻ, കെ.ആർ.ജയേഷ്, എൻ.കൃഷ്ണപ്രസാദ്, എൻ.അഭിലാഷ്, ശിവരാജൻ, കെ.ഹരിദാസൻ, എസ്.മണികണ്ഠൻ, ബി.സുനിൽ, ആർ.നിശ്ചൽ, കെ.അഷ്റഫ്, നാസർ, എം.പ്രശാന്ത്, ജനാർദ്ദനൻ, ടി.എം.നാസർ എന്നിവർ സംസാരിച്ചു



എംജി യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ ഭാരവാഹികൾ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദ്കുമാറിന് പണിമുടക്ക് നോട്ടീസ് നൽകുന്നു.

# എംജി യൂണിവേഴ്സിറ്റിയിൽ പണിമുടക്ക് നോട്ടീസ് നൽകി

അതിരമ്പുഴ: സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ആനുകൂല്യങ്ങളും അവകാശങ്ങളും കവർന്നെടുക്കുന്നതിനെതിരേ സെറ്റോ സംഘടനകൾ 22 ന് നടത്തുന്ന സംസ്ഥാന പണിമുടക്കിന്റെ ഭാഗമായി എംജി യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ വൈസ് ചാൻസലർ ഡോ. സി.ടി അരവിന്ദ്കുമാറിന് പണിമുടക്ക് നോട്ടീസ് നൽകി.19 ശതമാനം കുടിശിക ക്ഷാമബത്ത മുൻകാല പ്രാബല്യത്തോടെ അനുവദിക്കുക, പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശിക അനുവദിക്കുക, പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മീഷൻ പ്രഖ്യാപിക്കുക, പങ്കാളിത്ത പെൻഷൻ പിൻവലിക്കുക, വിലക്കയറ്റം തടയുക തുടങ്ങിയ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് സംസ്ഥാന ജീവനക്കാർ പണിമുടക്കുന്നത്.

എംപ്ലോയീസ് യൂണിയൻ പ്രസിഡന്റ് എൻ.എസ്. മേബിൾ, ജനറൽ സെക്രട്ടറി ജോസ് മാത്യു, ഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി എംപ്ലോയീസ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് എൻ. മഹേഷ്, സെറ്റോ ജില്ലാ കൺവീനർ ജോബിൻ ജോസഫ്, നേതാക്കളായ എൻ. നവീൻ, എസ്. പ്രമോദ്, ബിനോയ് സെബാസ്റ്റ്യൻ, കെ.വി. അരവിന്ദ്, ജെ. ഐസക്ക്, ബി. അർച്ചന എന്നിവർ നേതൃത്വം നൽകി.

# 22ന് ജീവനക്കാരുടെയും അധ്യാപകരുടെയും പണിമുടക്ക്

## പിൻമാറാൻ സർക്കാർ അഭ്യർഥിക്കും

**തിരുവനന്തപുരം** ▸ 22ന് സർക്കാർ ജീവനക്കാരും അധ്യാപകരും പ്രഖ്യാപിച്ച പണിമുടക്കിൽനിന്ന് പിൻമാറാൻ സർക്കാർ അഭ്യർഥിക്കും. പണിമുടക്കിന് നോട്ടിസ് നൽകിയ പ്രതിപക്ഷ സംഘടനയായ സെറ്റോ ഭാരവാഹികളോടും സി.പി.ഐ സർവിസ് സംഘടന ഭാരവാഹികളോടുമാണ് പിൻമാറണമെന്ന് ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ നേരിട്ട് അഭ്യർഥിക്കുക.

സർക്കാരിന്റെ ആവശ്യം തള്ളി സംഘടനകൾ പണിമുടക്കിൽ ഉറച്ച് നിന്നാൽ ഡയസ്നോൺ ഉൾപ്പെടെയുള്ള കടുത്ത നടപടികൾ പ്രഖ്യാപിക്കും. 17 മുതൽ നിയമസഭ സമ്മേളനം ആരംഭിക്കുകയാണ്. ഈ അവസരത്തിൽ ജീവനക്കാർ പണിമുടക്കിലേക്ക് പോയാൽ അത് സഭാ പ്രവർത്തനങ്ങളെ ബാധിക്കും. അതു കൊണ്ടാണ് തിരക്കിട്ട നടപടിയിലേക്ക് സർക്കാർ പോകുന്നത്.

സി.പി.ഐ സർവിസ് സംഘടനകളും പണിമുടക്ക് പ്രഖ്യാപിച്ചത് മുഖ്യമന്ത്രിയെ ചൊടിപ്പിച്ചിരിക്കുകയാണ്. സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വത്തോട് മുഖ്യമന്ത്രി ഇക്കാര്യത്തിലുള്ള തന്റെ അനിഷ്ടം തുറന്നു പറഞ്ഞു. പ്രതിപക്ഷ സർവിസ് സംഘടനകൾ പണിമുടക്കിൽ ഉറച്ചു നിന്നാലും സി.പി.ഐ സംഘടനകളെ പിന്തിരിപ്പിക്കണമെന്നാണ് മുഖ്യമന്ത്രിയുടെ നിർദേശം. ജീവനക്കാരുടെ കാര്യങ്ങളിൽ സർക്കാർ അനുഭാവപൂർണമായ നിലപാട് സ്വീകരിക്കുമെന്ന് ഉറപ്പ് നൽകി പണിമുടക്കിൽ നിന്ന് ഭരണകക്ഷി സർവിസ് സംഘടനകളെ പിന്തിരിപ്പിക്കാനാണ് നീക്കം. ക്ഷാമബത്ത, ശമ്പള പരിഷ്ക്കരണം കൂടാതെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കൽ അടക്കമുള്ള ആവശ്യങ്ങൾ ഉന്നയിച്ചാണ് പണിമുടക്ക്.

# പണിമുടക്ക് പ്രഖ്യാപിച്ച് സെക്രട്ടേറിയറ്റ് ആക്ഷൻ കൗൺസിലും

തിരുവനന്തപുരം ● വിവിധ ആവശ്യങ്ങളുന്നയിച്ചുള്ള സർക്കാർ ജീവനക്കാരുടെ സമരം ശക്തമാക്കുന്നതിന്റെ ഭാഗമായി 22ന് പണിമുടക്ക് പ്രഖ്യാപിച്ച് സെക്രട്ടേറിയറ്റിലെ കോൺഗ്രസ് അനുകൂല സംഘടനകളുടെ കൂട്ടായ്മയായ സെക്രട്ടേറിയറ്റ് ആക്ഷൻ കൗൺസിലും. നേരത്തേ സിപിഐ അനുകൂല സർവീസ് സംഘടനയായ ജോയിന്റ് കൗൺസിൽ പണിമുടക്ക് പ്രഖ്യാപിച്ചിരുന്നു. ഒരു ഭരണാനുകൂല സംഘടനയും ഒരു പ്രതിപക്ഷ സംഘടനയും പണിമുടക്ക് പ്രഖ്യാപിച്ച സാഹചര്യത്തിൽ കൂടുതൽ സംഘടനകൾ സമരവുമായി രംഗത്തു വന്നേക്കും.

സർക്കാർ ജീവനക്കാരുടെ 2019 ജനുവരി 1 മുതലുള്ള ആനുകൂല്യങ്ങൾ, അടിസ്ഥാനരഹിതമായ കാരണങ്ങൾ പറഞ്ഞ് നിഷേധിക്കുന്നതിൽ പ്രതിഷേധിച്ചാണ് പണിമുടക്ക് പ്രഖ്യാപിച്ചതെന്ന് ആക്ഷൻ കൗൺസിൽ കൺവീനർ എം.എസ്.ഇർഷാദ് പറഞ്ഞു. കേരള ഫിനാൻസ് സെക്രട്ടേറിയറ്റ് അസോസിയേഷൻ, കേരള ലോ സെക്രട്ടേറിയറ്റ് അസോസിയേഷൻ, കേരള ലെജിസ്ലേചർ സെക്രട്ടേറിയറ്റ് എംപ്ലോയീസ് ഓർഗനൈസേഷൻ എന്നീ സംഘടനകൾ ഉൾപ്പെട്ടതാണ് ആക്ഷൻ കൗൺസിൽ.